# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2402** **19/06/2013 ൽ മറുപടിക്ക്**

## ഹോമിയോ കോളേജുകളിലെ ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ. എ. കെ. ബാലൻ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ഹോമിയോ കോളേജുകളിൽ ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്; നിലവിൽ എത്ര ഒഴിവുകളുണ്ട് ; | (എ) | ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്തുവെങ്കിലും സി.സി.എച്ച്. പാറ്റേൺ നിർബന്ധമാക്കിയതിന്റെ അടിസ്ഥാനത്തിൽ അവ ക്യാൻസൽ ചെയ്തുകൊണ്ട് പി.എസ്.സി. നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. 21 ട്യൂട്ടർ തസ്തികകളാണ് റിപ്പോർട്ടു ചെയ്തിരുന്നത്. നിലവിൽ ഒഴിവുകൾ ഒന്നുമില്ല. |
| (ബി) | ട്യൂട്ടർ തസ്തിക നിർത്തലാക്കിയിട്ടുണ്ടോ ; എന്നാണ് നിർത്തലാക്കിയത് എന്നും എന്തായിരുന്ന കാരണമെന്നും അറിയിക്കുമോ ; | (ബി) | നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2002 ലെ സി.സി.എച്ച്. റഗുലേഷൻ പ്രകാരവും 13/01/2012 ലെ സ.ഉ.(പി) നം.48/2012/ധന. യുടെ അടിസ്ഥാനത്തിലുമാണ് ട്യൂട്ടർ തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ട്യൂട്ടർ തസ്തികയിലേക്ക് അപേക്ഷ നൽകി ജോലിക്കായി കാത്തിരിക്കുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ട്യൂട്ടർ തസ്തിക കേന്ദ്ര ആയുഷ് വകുപ്പ് നിർത്തലാക്കിയിരിക്കുകയാണ്. ആയതിനാൽ സർക്കാരിന് ഇതിൽ പ്രത്യേക നടപടി ഇപ്പോൾ സ്വീകരിക്കുവാൻ നിവൃത്തിയില്ല. |

സെക്ഷൻ ഓഫീസർ